"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - മണലൂർ ഗ്രാമപഞ്ചായത്തിൽ ഫുൾ ടൈം സ്വീപ്പർ തസ്തികയിൽ നിന്നും വിരമിച്ച ശ്രീമതി.ഗീത.കെ.എ സേവനത്തിൽ ഇല്ലാതിരുന്ന 01.06.2015 മുതൽ 26.10.2018 വരെയുള്ള കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2287/2020/ത.സ്വ.ഭ.വ  തീയതി,തിരുവനന്തപുരം, 10/12/2020

---

പരാമർശം:- 1 സ.ഉ(പി) 20/2013/ധന തീയതി 07.01.2013

2 ശ്രീമതി.ഗീത.കെ.എ യുടെ 31.5.2019 ലെ അപേക്ഷ.

3 പഞ്ചായത്ത് ഡയറക്ടറുടെ 01/7/2019 ലെ PAN/6966/2019-E9(DP) നം. കത്ത്

**ഉത്തരവ്**

മണലൂർ ഗ്രാമപഞ്ചായത്തിൽ ഫുൾ ടൈം സ്വീപ്പർ തസ്തികയിൽ ജോലി ചെയ്യുകയും 31.05.2019 ൽ 60 വയസ്സ് പൂർത്തിയായതിനെതുടർന്ന് വിരമിക്കുകയും ചെയ്ത ശ്രീമതി.ഗീത.കെ.എ യ്ക്ക് ടിയാൾ 56 വയസ്സിൽ വിരമിച്ച കാലയളവ് മുതൽ സർക്കാർ ഉത്തരവ് പ്രകാരം തിരികെ ജോലിയിൽ പ്രവേശിക്കുകയും ചെയ്ത 01.06.2015 മുതൽ 26.10.2018 വരെയുള്ള കാലയളവിലെ സേവന ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിക്കുകയും പരാമർശം (3) പ്രകാരം ടി അപേക്ഷ പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തു.

ശ്രീമതി.ഗീത.കെ.എ 11.07.2008 ൽ മേലൂർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ടിയാൾക്ക് തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഉത്തരവ പ്രകാരം ഫുൾ ടൈം സ്വീപ്പർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുകയും ടിയാരി മണലൂർ ഗ്രാമപഞ്ചായത്തിൽ 22.11.2013 ന് സേവനത്തിൽ പ്രവേശിക്കുകയും ചെയ്തു. പരാമർശം (1) ഉത്തരവ് പ്രകാരം 01.04.2013 ന് ശേഷം ഫുൾ ടൈം സ്വീപ്പർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ജീവനക്കാർക്ക് എൻ.പി.എസ് ബാധകമാക്കിയിട്ടുണ്ട്. എൻ.പി.എസ് ബാധകമാക്കിയ ജീവനക്കാർക്ക് 60 വയസ്സ് വരെ സേവനത്തിൽ തുടരാമെന്നിരിക്കെ ടിയാരിക്ക് 56 വയസ് പൂർത്തിയായ 31.05.2015 തീയതിയിൽ സേവനത്തിൽ നിന്ന് വിരമിക്കുകയും 1800/- രൂപ എക്സ് ഗ്രേഷ്യാ പെൻഷൻ അനുവദിക്കുകയും പിന്നീട് അത് 3400/- രൂപയായി വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. ടിയാരി 01.04.2013 ന് ശേഷം സേവനത്തിൽ പ്രവേശിച്ചതിനാൽ എൻ.പി.എസ് പെൻഷൻ പദ്ധതിയിലാണ് ഉൾപ്പെട്ട് വരുന്നതെന്നും ആയതിനാൽ ടിയാരിക്ക് പെൻഷൻ അനുവദിച്ച നടപടി പുന:പരിശോധിക്കണമെന്നും നിർദേശിച്ചുകൊണ്ടും ടിയാരിക്ക് പെൻഷൻ അനുവദിച്ചിരുന്ന കൊടുങ്ങല്ലൂർ സബ് ട്രഷറി ഓഫീസറോട് ആയത് താൽക്കാലികമായി നിർത്തി വയ്ക്കുന്നതിനും നിർദേശിച്ചുകൊണ്ട് അക്കൗണ്ടന്റ് ജനറൽ കത്ത് നൽകിയിരുന്നതായും സേവനത്തിൽ പുന:പ്രവേശിപ്പിക്കണമെന്ന ടിയാരിയുടെ അപേക്ഷയെ തുടർന്ന് തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഉത്തരവ് പ്രകാരം ടിയരിക്ക് മണലൂർ ഗ്രാമപഞ്ചായത്തിൽ പുനർനിയമനം നല്കുകയും 27.10.2018 ന് സേവനത്തിൽ പുന:പ്രവേശിക്കുകയും ചെയ്തു. 56-ാം വയസിൽ വിരമിച്ചതിന് ശേഷം 01.06.2015 മുതൽ തിരികെ ജോലിയിൽ പ്രവേശിച്ച 27.10.2018 തീയതിയ്ക്ക് മുൻപ് വരെയുള്ള കാലയളവിലെ സേവന ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള സർക്കാർ അനുമതിക്കായാണ് ടിയാരി അപേക്ഷിച്ചിട്ടുള്ളതെന്ന് പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മണലൂർ ഗ്രാമപഞ്ചായത്തിൽ ഫുൾ ടൈം സ്വീപ്പർ തസ്തികയിൽ നിന്നും വിരമിച്ച ശ്രീമതി.ഗീത.കെ.എ യ്ക്ക് 01.06.2015 മുതൽ 30.04.2018 വരെയുള്ള കാലയളവിൽ എക്സ് ഗ്രേഷ്യാ പെൻഷൻ അനുവദിച്ചിട്ടുള്ളതും 01.05.2018 മുതൽ 26.10.2018 വരെ ശമ്പളമോ പെൻഷനോ ലഭിച്ചിരുന്നില്ല എന്നതിനാലും 27.10.2018 മുതൽ സേവനത്തിൽ പ്രവേശിച്ച് 60-ാം വയസ്സിലെ വിരമിക്കൽ തീയതിയായ 31.05.2019 ൽ വിരമിക്കുന്നത് വരെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ലഭ്യമായിട്ടുള്ള സാഹചര്യത്തിലും ടിയാൾക്ക് അനുവദിച്ച എക്സ്ഗ്രേഷ്യാ പെൻഷൻ തിരികെ പിടിക്കേണ്ടതില്ല എന്നും ടിയാൾ സേവനത്തിൽ ഇല്ലാതിരുന്ന 01.06.2015 മുതൽ 26.10.2018 വരെയുള്ള കാലയളവ് non duty without forfeiture of past service

ആയി ക്രമീകരിച്ച്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

ശ്രീമതി.ഗീത.കെ.എ, ഫുൾ ടൈം സ്വീപ്പർ (റിട്ടയേർഡ്), മണലൂർ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ ജില്ല.

(സെക്രട്ടറി, മണലൂർ ഗ്രാമപഞ്ചായത്ത് മുഖേന)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (DEV-1/283/2019-FIN തീയതി 08.5.2020 പ്രകാരം)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/96/2019-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Danijal

സെക്ഷൻ ഓഫീസർ